പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 2122 — 18-12-2012 ൽ മറുപടിക്ക്

'നാളേക്കിത്തിരി ഊർജ്ജം പദ്ധതി '

ചോദ്യം — ഉത്തരം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, വി. ഡി. സതീശൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'നാളേക്കിത്തിരി ഊർജ്ജം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) | എനർജി മാനേജ്മെന്റ് സെന്ററും , കെ.എസ്.ഇ. ബി യും, വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന ഊർജ്ജ സംരക്ഷണ തുടർ വിദ്യാഭ്യാസ പരിപാടിയാണ് എനർജി സ്മാർട്ട് സ്കൂൾ പരിപാടി. ഇതിന്റെ ഭാഗമായി 2011 - 12 ൽ നടപ്പിലാക്കിയ പരിപാടിയാണ് "നാളേക്കിത്തിരി ഊർജ്ജം". വിദ്യാഭ്യാസ മേഖലയിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം |
| (ബി) | ഊർജ്ജ സംരക്ഷണം നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് | (ബി) | വിദ്യാർത്ഥികൾ വഴി അവരുടെ സ്കൂളിലും , വീടുകളിലും, പരിസര പ്രദേശങ്ങളിലും ഊർജ്ജ സംരക്ഷണ ബോധവല്ക്കരണ പരിപാടികളും വൈദ്യുതി ഉപയോഗം രേഖപ്പെടുത്തി വിലയിരുത്തലും ലാഭിച്ച വൈദ്യുതിയുടെ കണക്ക് പരിശോധിക്കലും ഈ പരിപാടിയുടെ ഭാഗമാണ്. അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളും വിദ്യാർത്ഥികളിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും ഈ പരിപാടിയിൽ ഉൾപ്പെടുന്നു. കൂടാതെ ഊർജ്ജ സംരക്ഷണം വിഷയമാക്കി പലവിധ കലാ-സാഹിത്യ മത്സരങ്ങളുംനടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത് ; | (സി) | എനർജി മാനേജ്മെന്റ് സെന്ററും, കെ.എസ്.ഇ.ബി യും, വിദ്യാഭ്യാസ വകുപ്പും ചേർന്നാണ് പരിപാടി നടപ്പിലാക്കുന്നത്. |
| (ഡി) | എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നത് ; വിശദമാക്കുമോ ; | (ഡി) | 2011- 12 ൽ 5000 സ്കൂളുകളിൽ ഈ പരിപാടിയെപ്പറ്റിയുള്ള വിവരങ്ങൾ നൽകുകയും പ്രവർത്തനങ്ങൾക്ക് തുടക്കമിടുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നത്? | (ഇ) | ഏറ്റവുംമികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാർത്ഥികൾക്കുംസ്കൂളുകൾക്കും ക്യാഷ് പ്രൈസുകളും സർട്ടിഫിക്കറ്റുകളുമാണ് സമ്മാനമായി നൽകുന്നത്. കൂടാതെ പരിപാടിയുടെ ഭാഗമായി സ്കൂളുകൾ നടത്തുന്ന ബോധവല്ക്കരണ പരിപാടികൾക്കും പരിശീലന പരിപാടികൾക്കും ആവശ്യമായ ലഘുലേഖകളും സർവ്വേ ഫോറങ്ങളും ഇ.എം.സി യിൽ നിന്നും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ